**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 104** | **23-01-2025 - ൽ മറുപടിയ്ക്ക്**

**ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതിയുടെ പരോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതിയായ കൊടി സുനിയുടെ ശിക്ഷാ കാലയളവും നാളിതുവരെ അനുവദിച്ച പരോൾ കാലയളവും പരോൾ അനുവദിക്കുന്നതിന് അടിസ്ഥാനമാക്കിയ കാരണങ്ങൾ എന്തൊക്കെയാണെന്നും ആകെ അനുവദിച്ച പരോൾ ദിനങ്ങൾ എത്രയാണെന്നും ഇനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | അനുബന്ധം(1) ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രതിക്ക് പോലീസ് റിപ്പോർട്ടുകൾ അവഗണിച്ചുകൊണ്ട് പരോൾ അനുവദിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരോൾ അനുവദിച്ചത് സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച 28.09.2024 തീയതിയിലെ എച്ച്.ആർ.എം.പി.നമ്പർ 4398/11/2/2024/KNR നമ്പർ ഉത്തരവ്, അവധി പുനഃസ്ഥാപിച്ചുകൊണ്ടുള്ള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 27.12.2024 തീയതിയിലെ WP2-37692/2024/PrHQ നമ്പർ ഉത്തരവ് എന്നിവ യഥാക്രമം അനുബന്ധം(2), (3) ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രതിക്ക് പരോൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാരും ജയിൽ വകുപ്പുമായി നടത്തിയിട്ടുള്ള കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | (സി) | 23.01.2018 തീയതിയിലെ സ.ഉ(സാധാ)നം.238/2018/ആഭ്യന്തരം-ന്റെ പകർപ്പ് അനുബന്ധം (4) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**1. C No.512/2023 Sunil Kumar @ Kodi Suni S/o Surendran CP & CH, Thavanur**

| | | | | | | |
|---|---|---|---|---|---|---|
| 1 | Ordinary Leave | 25-01-2018 | 12.02.2018 | Superintendent. CP&CH Viyyur | 15 | Time spend with family members |
| 2 | Ordinary Leave | 28-04-2018 | 16.05.2018 | Superintendent. CP&CH Viyyur | 15 | Time spend with family members |
| 3 | Ordinary Leave | 21-11-2018 | 21.12.2018 | Superintendent. CP&CH Viyyur | 30 | Time spend with family members |
| 4 | Ordinary Leave | 28-12-2024 | Up to 29-01-2025 | Superintendent. CP&CH Thavanur | 30 (2 days Journey) | Time spend with family members |
| | | | | **TOTAL DAYS ON LEAVE** | **90** | |
| | **ACTUAL DAYS IN JAIL days as on 16/01/2025** | | | | **12 Years 07 Months 29 (including set off 593 days)** | |

(1)

അനുബന്ധം നം. 2



## കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : കെ. ബൈജുനാഥ്
ജുഡീഷ്യൽ മെമ്പർ

**എച്ച്. ആർ. എം. പി. നമ്പർ : 4398/11/2/2024/KNR**

പരാതിക്കാരി : ശ്രീമതി.പുഷ്പ
മീത്തലെചാലിൽ ഹൗസ്
ഷാരോൺ വില്ല, ചൊക്ലി പി.ഒ
തലശ്ശേരി, കണ്ണൂർ

**എതിർകക്ഷികൾ** :

**ഉത്തരവ് തീയതി 28.09.2024**

കോഴിക്കോട് സ്പെഷ്യൽ അഡീഷണൽ സെഷൻസ് കോടതിയുടെ (മാറാട്) എസ്. സി 867/2022 നമ്പർ കേസിലെ 28.01.2014 തീയതിയിലെ വിധി പ്രകാരം തന്റെ മകൻ സുനിൽ കുമാർ തവനൂർ അതീവ സുരക്ഷാ ജയിലിൽ ജീവപര്യന്തം തടവ് അനുഭവിച്ചു വരികയാണെന്നും 14.06.2012 ന് മേൽ കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട് റിമാന്റിൽ കഴിയുകയാണെന്നും മകന് നിയമാനുസൃതം നൽകേണ്ട പരോൾ നൽകുന്നില്ലെന്നും എന്നാൽ കേസിലെ മറ്റു പ്രതികൾക്കെല്ലാം പരോൾ അനുവദിച്ചുവെന്നും 12 വർഷത്തിനിടയിൽ .60 ദിവസം മാത്രമാണ് പരോൾ അനുവദിച്ചതെന്നും ആയത് മനുഷ്യാവകാശ ലംഘനമാണെന്നും ആകയാൽ ഇക്കാര്യം പരിശോധിച്ച് തന്റെ മകന് പരോൾ അനുവദിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉണ്ടാവണമെന്നുമാണ് പരാതിക്കാരിയുടെ ആവശ്യം.

പരാതിക്കാര്യത്തിൽ കമ്മീഷൻ തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടിൽ നിന്നും റിപ്പോർട്ടാവശ്യപ്പെട്ടിട്ടുള്ളതാണ്. പരാതിക്കാരിയുടെ മകൻ സുനിൽ കുമാർ എസ്.സി. 867/2012 എന്ന കേസിൽ u/s 143 147,148,302 IPC & u/s 3of ES Act 1908 പ്രകാരം ജീവപര്യന്തം തടവും 70,000/- രൂപ പിഴയും പിഴ അടക്കാത്തപക്ഷം രണ്ട് വർഷം കഠിന തടവിനും 28.01.2014 തീയതിയിൽ ശിക്ഷിക്കപ്പെട്ട പ്രതിയാണെന്നും ടി കേസിൽ ബഹു കേരള ഹൈക്കോടതി 27.02.2024 തീയതിയിലെ ഉത്തരവു പ്രകാരം ഇരട്ട ജീവപര്യന്തവും 2,00,000/- രൂപാ പിഴയും കൂടാതെ ഇരുപതു വർഷം പൂർത്തീകരിച്ച ശേഷം മാത്രമെ ടിയാന് ശിക്ഷായിളവ് ആനുകൂല്യം അനുവദിക്കാവൂ എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാകുന്നുവെന്നും വിയ്യൂർ

അതീവ സുരക്ഷാ ജയിലിലെ അക്രമ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ അച്ചടക്ക നടപടികളുടെ ഭാഗമായി ജയിൽ മാറ്റം നടത്തിയതിനാലാണ് ടിയാനെ 03.11.2023 തീയതി മുതൽ തവനൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചു വരുന്നതെന്നും ടിയാന്റെ പേരിൽ മേൽ കേസ് കൂടാതെ വിവിധ കോടതികളിലായി നിരവധി കേസുകൾ ടി ജയിലിൽ നിലവിലുണ്ടെന്നും 19.08.2024 തീയതിയിൽ 12 വർഷവും 2 മാസവും 9 ദിവസവും ശിക്ഷാകാലയളവ് പൂർത്തീകരിച്ചിട്ടുണ്ടെന്നും ടിയാൻ വിയ്യൂർ ജയിലിൽ കഴിഞ്ഞിരുന്ന കാലയളവിൽ 60 ദിവസത്തെ സാധാരണ അവധി ആനുകൂല്യം ലഭിച്ചിട്ടുള്ളതാകുന്നുവെന്നും വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും അച്ചടക്കനടപടികളുടെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ ജയിലിലേക്ക് മാറ്റിപാർപ്പിച്ചുവെന്നും തുടർന്ന് വിയ്യൂർ സെൻട്രൽ ജയിലിലേക്ക് തന്നെ തിരികെ പാർപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്നും അച്ചടക്ക നടപടിയുടെ ഭാഗമായി വിയ്യൂർ അതീവ സുരക്ഷാ ജയിലിലേക്കും മാറ്റി പാർപ്പിച്ചിട്ടുള്ളതാണെന്നും അവധിയിൽ നിൽക്കെ അവധി വ്യവസ്ഥ ലംഘിച്ചതിനാൽ ടിയാനെ പിന്നീട് അവധി ആനുകൂല്യത്തിന് പരിഗണിച്ചിട്ടില്ലെന്നും ടിയാൻ തുടർച്ചയായി ജയിൽ അച്ചടക്ക നടപടികൾ നേരിട്ടുള്ള അന്തേവാസിയാണെന്നും ജയിലിൽ സൽസ്വഭാവികളായ അന്തേവാസികളെയാണ് അവധി ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി പരിഗണിക്കുന്നതെന്നും അവധി വ്യവസ്ഥകൾ ലംഘിക്കുന്ന അന്തേവാസികൾക്ക് തുടർന്നും അവധി നൽകുന്നതിനുള്ള അപേക്ഷ ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ആണ് പരിഗണിക്കുന്നതെന്നും സുനിൽകുമാറിന് സാധാരണ അവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിയ്യൂർ സെൻട്രൽ പ്രിസണിൽ നിന്നും ജയിൽ ആസ്ഥാന കാര്യാലയത്തിലേക്ക് കത്തിടപാടുകൾ നടത്തിയിരുന്നുവെങ്കിലും ടി കാര്യത്തിൽ ഇതേവരെ തീരുമാനം വന്നിട്ടില്ലായെന്നാണ് വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും അറിയിച്ചിരുന്നതെന്നും പരാതിക്കാരി പരാതിയിൽ ബോധിപ്പിച്ച പ്രകാരം അവരുടെ മകനായ സുനിൽകുമാറിന് ടി ജയിലിൽ നിന്നും അവധി ആനുകൂല്യം നിഷേധിക്കപ്പെട്ടിട്ടില്ലെന്നും തവനൂർ ജയിലിൽ പ്രവേശിക്കപ്പെട്ട ശേഷം ടിയാൻ അവധിക്ക് അപേക്ഷ നൽകിയിട്ടില്ലെന്നും അപേക്ഷ നൽകുന്ന മുറയ്ക്ക് മേൽ നടപടികൾക്കായി ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന് സമർപ്പിക്കുന്നതാണെന്നും കാണിച്ച് തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് റിപ്പോർട്ട് ഫയൽ ചെയ്തിട്ടുള്ളതാണ്.

തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി പരാതിക്കാരിക്ക് അയച്ചു കൊടുത്തിട്ടുള്ളതാണ്. തുടർന്ന് പരാതിക്കാരി 25.09.2024 തീയതിയിലെ കമ്മീഷൻ സിറ്റിംഗിൽ ഹാജരായിട്ടുള്ളതും കമ്മീഷൻ പരാതിക്കാരിയെ നേരിൽ കേട്ടിട്ടുള്ളതുമാണ്. തന്റെ മകന് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച് നിരവധി പരാതികൾ നേരിട്ടും രേഖാമൂലവും സമർപ്പിച്ചെങ്കിലും ആയതിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും തന്റെ മകന് 6 വർഷമായി അവധി അനുവദിച്ചിട്ടില്ലെന്നും 12 വർഷത്തിൽ ആകെ 60 ദിവസമാണ്



File No. HOME-B1/10/2025-HOME (Computer No. 3024837)
Generated from eOffice by [illegible]

അവധി കിട്ടിയതെന്നും ശ്വാസംമുട്ടൽ കാരണം താൻ അവശതയനുഭവിക്കുകയാണെന്നും ആരോഗ്യ സ്ഥിതി തീർത്തും മോശമാണെന്നും തനിക്ക് മകനെ കാണണമെന്നും ആയതിനായി അവന് അവധി അനുവദിച്ചു നൽകണമെന്നും മകൻ അവധിയിൽ ഇറങ്ങിയാൽ മറ്റു കുഴപ്പങ്ങൾ ഒന്നും ഉണ്ടാവില്ലെന്ന് താൻ ഉറപ്പു നൽകുന്നുവെന്നും അപ്രകാരമുണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം താൻ ഏറ്റുവഹിക്കുന്നതാണെന്നും ആകയാൽ ഇക്കാര്യത്തിൽ കമ്മീഷൻ ഇടപെട്ട് മകന് അവധി അനുവദിക്കുന്നതിനുള്ള നടപടികൾ ചെയ്തു തരണമെന്നുമാണ് പരാതിക്കാരി ബോധിപ്പിച്ചിട്ടുള്ളത്. ഇക്കാര്യം രേഖപ്പെടുത്തി അപേക്ഷയും സമർപ്പിച്ചിട്ടുള്ളതാണ്.

കമ്മീഷൻ കേസ് ഫയൽ പരിശോധിച്ചു. ജയിൽ അന്തേവാസികൾക്ക് ജയിൽ അധികൃതരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരോൾ അനുവദിക്കുന്നതിനുള്ള വിവേചനാധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. മനുഷ്യാവകാശ കമ്മീഷന് പരോൾ അനുവദിക്കുന്നതിനുള്ള ഉത്തരവോ ശുപാർശയോ നൽകുവാൻ കഴിയുന്നതല്ല. എന്നാൽ പരാതിക്കാരിയുടെ മകന്റെ പരോൾ അപേക്ഷ പരിഗണിക്കുന്ന അവസരത്തിൽ പരാതിക്കാരി കമ്മീഷൻ സിറ്റിംഗിൽ ഹാജരായി മേൽപ്രകാരം ആവശ്യപ്പെട്ടു സമർപ്പിച്ച അപേക്ഷയിൽ മാനുഷിക പരിഗണന അർഹിക്കുന്നുണ്ടോ എന്ന കാര്യം കൂടി പരിഗണനാ വിഷയമാക്കേണ്ടതാണെന്ന് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടറോട് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇപ്രകാരം കേസ് തീർപ്പാക്കി കമ്മീഷൻ ഉത്തരവാകുന്നു. ഉത്തരവിന്റെ കോപ്പി പരാതിക്കാരിക്കും പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർക്കും തവന്നൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടിനും അയച്ചു കൊടുക്കേണ്ടതാണ്.

ഒപ്പ്/

**കെ.ബൈജുനാഥ്**
**ജുഡീഷ്യൽ അംഗം**
**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

//ശരിപകർപ്പ്//

രജിസ്ട്രാർ



File No. HOME-B1/10/2025-HOME (Computer No. 3024837)
Generated from eOffice by PINARAYI VIJAYAN, CM, CHIEF MINISTER, OFFICE on 22/01/2025 11:13:12 PM

# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജനറൽ സെക്ഷൻ -C No. 512 / 23 സുനിൽ കുമാർ S/o സുരേന്ദ്രൻ - സെൻട്രൽ പ്രിസൺ, തവനൂർ - അവധി ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചു നല്കി ഉത്തരവാകുന്നു.

പരാമർശം : 1) 23/01/2018 തീയതിയിലെ G O (Rt) No. 238/2018/Home എന്ന നമ്പർ സർക്കാർ ഉത്തരവ്.

2) തവനൂർ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ കാര്യാലയത്തിലെ 09.12.2024 തീയതിയിലെ R4-3005/2023/CPTvnr എന്ന നമ്പർ കത്ത്.

3) കേരള സംസ്ഥാന മനുഷ്യ അവകാശ കമ്മീഷൻ കാര്യാലയത്തിലെ എച്ച്.ആർ.എം.പി. നമ്പർ 4398/11/2/2024/KNR എന്ന നമ്പർ ഉത്തരവ്.

4) കണ്ണൂർ, തലശ്ശേരി, ചൊക്ലി .P S, മീത്തലെചാലിൽ ഹൌസ്, ഷാരോൺ വില്ലയിൽ ശ്രീമതി പുഷ്പ എന്നവർ സമർപ്പിച്ച അപേക്ഷ.

5) തലശ്ശേരി ജനറൽ ആശുപത്രി മെഡിക്കൽ കൺസൾട്ടണ്ടിന്റെ 07/12/2024 തീയതി ആയുള്ള മെഡിക്കൽ സർട്ടിഫിക്കേറ്റ്.

6) തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ കാര്യാലയത്തിലെ 23/12/2024 തീയതിയിലെ R4-3005/2023/CPTvnr എന്ന നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: WP2-37692/2024/PrHQ; തീയതി : 27-12-2024**

പരാമർശം 01ലെ സർക്കാർ ഉത്തരവ് പ്രകാരം ഉപാധികളോടെ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 19 അന്തേവാസികൾക്ക് സാധാരണ അവധി ആനുകൂല്യം ലഭിക്കുകയും, ആയതിൽ സി.നം. 512/23 സുനിൽകുമാർ S/o സുരേന്ദ്രൻ എന്ന അന്തേവാസിയ്ക്ക് 25/01/2018 തീയതി മുതൽ 12/02/2018 വരെ തീയതികളിലായി 15 ദിവസത്തെയും, 28/04/2018 മുതൽ 16/05/2018 വരെ തീയതികളിലായി 15 ദിവസത്തെയും, 21/11/2018 തീയതി മുതൽ 21/12/2018 വരെ തീയതികളിലായി 30 ദിവസത്തെ സാധാരണ അവധി അനുവദിച്ചു നല്കിയിട്ടുണ്ട്. അവധി കാലയളവിൽ കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവേശിക്കരുത് എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ആണ് ടി അന്തേവാസിയ്ക്ക് അവധി ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്. എന്നാൽ 21/11/2018 തീയതി മുതൽ 21/12/2018 വരെ തീയതികളിലായി 30 ദിവസത്തെയും സാധാരണ അവധിയിൽ ആയിരുന്ന കാലയളവിൽ ടി അന്തേവാസി കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ പോലീസ് സ്റ്റേഷനിൽ 14/12/2018 തീയതിയിൽ Cr.935/18 എന്ന നമ്പർ കേസിൽ ഉൾപ്പെട്ടതിനാൽ ടി അന്തേവാസിയുടെ അവധി ആനുകൂല്യങ്ങൾ 2018 ഡിസംബർ മാസം റദ്ദ് ചെയ്യുകയുണ്ടായി. ഇത്തരത്തിൽ ടി അന്തേവാസിയുടെ അവധി ആനുകൂല്യങ്ങൾ റദ്ദ് ചെയ്യപ്പെട്ടിട്ട് 06 വർഷങ്ങൾ ആകുന്നു.

തുടർന്ന് ടി അന്തേവാസിയുടെ മാതാവ് ശ്രീമതി പുഷ്പ വാർദ്ധക്യസഹജമായ അസുഖങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും, ടിയാളെ പരിചരിക്കുന്നതിനും, ചികിത്സാ കാര്യങ്ങൾ നോക്കുന്നതിനുമായി മകനായ സുനിൽ കുമാറിന്റെ സാന്നിധ്യം ആവശ്യമാണെന്നും, ആയതിനാൽ ടി അന്തേവാസിയുടെ അവധി ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു:കേരള മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ പരാതി

സമർപ്പികുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 02 ലെ ബഹു:കേരളാ മനുഷ്യാവകാശ കമ്മീഷൻറെ ഉത്തരവ് പ്രകാരം ഒരു മാനുഷിക പരിഗണന നല്കി കൊണ്ട് ടി അന്തേവാസിയുടെ അവധി ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച നൽകുന്ന കാര്യം പരിശോധിക്കുന്നതിന് ജയിൽ വകുപ്പിനോട് ബഹു:കേരളാ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി.

പരാമർശം 05 പ്രകാരം ലഭ്യമായ മെഡിക്കൽ റിപ്പോർട്ടിൽ ടി അന്തേവാസിയുടെ മാതാവ് ശ്രീമതി പുഷ്പ വാർദ്ധക്യ സഹജമായ അസുഖങ്ങളാൽ അവശത അനുഭവിക്കുന്നുണ്ട് എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ കാര്യാലയത്തിലെ 23/12/2024 തീയതിയിലെ R4-3005/2023/CPTvnr എന്ന നമ്പർ കത്ത് പ്രകാരം സി നം 512/23 സുനിൽകുമാർ S/o സുരേന്ദ്രൻ എന്ന അന്തേവാസിക്ക് നിലവിൽ ജയിൽ ജീവനക്കാരോടും, മററു അന്തേവാസികളോടും നല്ല സമീപനമാണ് ഉള്ളതെന്നും, ടിയാൻ നിലവിൽ ജയിൽ ചട്ടങ്ങൾ പാലിച്ചു ജയിലിനുള്ളിൽ കഴിഞ്ഞുവരുന്നുണ്ട് എന്നും, ടിയാൻ ടി ജയിൽ സ്ഥാപനത്തിൽ പ്രവേശിച്ച ശേഷം നാളിതുവരെയായും യാതൊരുവിധ അവധിയിലും പോയിട്ടില്ല എന്നും ജയിൽ സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിരിക്കുന്നു. സാധാരണ അവധി അനുവദിക്കുകയാണെങ്കിൽ വയനാട് ജില്ലയിലെ മീനങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിലെ മൂന്നാനക്കുഴി പേപ്പത്തിയിൽ ഹൌസ് എന്ന മേൽവിലാസത്തിൽ ബന്ധുവായ ശ്രീ ബിജു എന്നവർക്കൊപ്പം അവധി വ്യവസ്ഥകൾ അനുസരിച്ചു കൊണ്ട് അവധി കാലയളവിൽ താമസിക്കുമെന്നും ജയിൽ സൂപ്രണ്ട് മുൻപാകെ ടി അന്തേവാസി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി സാഹചര്യങ്ങളിൽ ബഹു: മനുഷ്യാവകാശ കമ്മീഷന്റെ പരാമർശം 03ലെ നിർദ്ദേശം മാനിച്ചു കൊണ്ടും, പരാമർശം 04 പ്രകാരം ലഭ്യമായ ടി അന്തേവാസിയുടെ മാതാവിന്റെ അപേക്ഷ എന്നിവ പരിഗണിച്ചു കൊണ്ടും, തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ സി നം 512/23 സുനിൽകുമാർ S/o സുരേന്ദ്രൻ എന്ന അന്തേവാസിക്കു ചുവടെ പറയുന്ന കർശന ഉപാധികളോടെ അവധി ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചു നല്കി കൊണ്ട് ഉത്തരവാകുന്നു.

1) പരാമർശം 01 ലെ സർക്കാർ ഉത്തരവ് പ്രകാരം ഉള്ള നിബന്ധനകൾ ടി അന്തേവാസി കർശനമായും പാലിക്കേണ്ടതാണ്.

2) കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 403 (2), 406 (1) (2) എന്നീ ചട്ടങ്ങൾ പ്രകാരം ഉള്ള ജാമ്യ ബോണ്ട് നടപ്പിലാക്കിയിട്ടുണ്ട് എന്ന് ജയിൽ സൂപ്രണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.

3) അവധി കാലയളവിൽ ടി അന്തേവാസിയുടെ താമസം വയനാട് ജില്ലയിലുള്ള വയനാട് ജില്ലയിലെ മീനങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിലെ മൂന്നാനക്കുഴി പേപ്പത്തിയിൽ ഹൌസ് എന്ന മേൽവിലാസത്തിൽ ബന്ധുവായ ശ്രീ ബിജു എന്നവർക്കൊപ്പം ടി മേൽവിലാസത്തിൽ ടി ബന്ധുവിന്റെ സംരക്ഷണയിൽ ആയിരിക്കേണ്ടതാണ്. അവധി കാലയളവിൽ ടി അന്തേവാസിയുടെ അമ്മയുടെ പരിചരണം ടി മേൽവിലാസത്തിൽ ടി അന്തേവാസിക്ക് ഒപ്പം ആകാവുന്നതാണ്. ടി അന്തേവാസിയെ ടി മേൽവിലാസത്തിൽ അവധിയിൽ വിട്ടുതൽ ചെയ്യുന്ന വിവരം ടി മേൽവിലാസം സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസറെ അറിയിക്കുന്നതിന് ജയിൽ സൂപ്രണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അവധി കാലയളവിൽ ടി അന്തേവാസി യാതൊരു കാരണവശാലും കണ്ണൂർ, കോഴിക്കോട് ജില്ലാ പോലീസ് മേധാവിമാരുടെ അധികാര പരിധിയിലെ സ്ഥലങ്ങളിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല.

4) ടി അന്തേവാസിയുടെ ദുർ നടത്തയെപ്പറ്റി അറിയിപ്പ് കിട്ടിയാലുടൻ ജയിൽ സൂപ്രണ്ട് അയാളെ തിരികെ വിളിക്കേണ്ടതാണ്. ഇതിനായി അടിയന്തിര നടപടിയെടുക്കുവാനും തടവുകാരനെ ഹാജരാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് സൂപ്രണ്ട് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്ക് എഴുതേണ്ടതും, പോലീസ് ഉടൻ തന്നെ ടി തടവുകാരനെ ജയിലിൽ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കൂടാതെ ടി അന്തേവാസിയെ അവധിയിൽ വിട്ടുതൽ ചെയ്യുന്നതുമായി ബന്ധപ്പെട്ടും, അവധി കഴിഞ്ഞ് ടി അന്തേവാസി കറക്ഷണൽ ഹോമിൽ മടങ്ങി എത്തുന്നതുമായി ബന്ധപ്പെട്ട ഉറപ്പ് വരുത്തുന്നതിനും വേണ്ടി വിട്ടുതൽ ഉത്തരവിൽ ജയിൽ സൂപ്രണ്ടിന് ഉചിതമാണെന്ന് തോന്നുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്താവുന്നതാണ്.

ടി അന്തേവാസിയെ അവധിയിൽ വിട്ടുതൽ ചെയ്യുമ്പോൾ കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലാ പോലീസ്

(3)

മേധാവിമാരുടെയും, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലാ പോലീസ് ക്രൈം റിക്കോർഡ് ബ്യൂറോ കാര്യാലയങ്ങളെയും അറിയിക്കുന്നതിന് ജയിൽ സൂപ്രണ്ട് പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

ടി അന്തേവാസിയെ അവധിയിൽ വിട്ടുതൽ ചെയ്യുമ്പോൾ ടി അന്തേവാസിയ്ക്കെതിരെ നിലവിലുള്ള എല്ലാ കേസുകളിലും ടി അന്തേവാസിയ്ക്ക് ജാമ്യം ലഭിച്ചിട്ടുണ്ടെന്ന കാര്യം ജയിൽ സൂപ്രണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്
(HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: 1)സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ

2) ബന്ധപ്പെട്ട എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും (ജയിൽ സൂപ്രണ്ട് മുഖാന്തിരം)

3)സി നം 512/23 സുനിൽകുമാർ S/o സുരേന്ദ്രൻ (ജയിൽ സൂപ്രണ്ട് മുഖാന്തിരം).

പകർപ്പ് : ഡി.ഐ.ജി, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
ഉത്തര മേഖല, കോഴിക്കോട്.



File No. HOME-B1/10/2025-HOME
Generated from eOffice by
WP2-37692/2024/PrHQ
079805

GOVERNMENT OF KERALA

Abstract

Home Department -Prisons – Recommendation of Review Committee (leave) of Central Prison and Correctional Home, Viyyur- Ordinary leave of 15 days to eligible prisoners – Sanctioned -Orders issued.

HOME(B)DEPARTMENT

**G.O.(Rt)No. 238/2018/HOME** Dated,Thiruvananthapuram,23/01/2018

Read: 1 Letter No. WP1-23915/2017/PrHQ dated 6.12.2017 of the Director General of Prisons and Correctional Services

ORDER

The Review Committee (parole) of Central Prison and Correctional Home, Viyyur met on 03.11.2017 and recommended to grant leave to the 19 prisoners found eligible, subject certain conditions prescribed by the Committee. The Director General of Prisons and Correctional Services has furnished a copy of the minutes of the meeting and other relevant materials to Government for pursuant action.

2. Government examined the matter in detail and as per rule 399 of the Kerala Prisons and Correctional Services (Management) Rules, 2014 sanction is hereby accorded to Director General of Prisons and Correctional Services to grant ordinary leave for 15 (fifteen) days to the prisoners mentioned below under the conditions stipulated by the committee, mentioned against their names.

| Sl. No | Name of convict | conditions |
|---|---|---|
| 1 | Sri. Mohanan C.No 1701 | The prisoner shall report before police station weekly |
| 2 | Sri. Jaleel C.No. 916 | 1) The prisoner shall report before police station weekly<br>2) He shall not enter Pothanikad police station limit |
| 3 | Sri. Rajan C.No. 9073 | The prisoner shall report before police station weekly |
| 4 | Sri. Jamsheer C.No. 9348 | The prisoner shall not enter Thrissur and Palakkad Districts except for exit and re-entry into the prison. |
| 5 | Sri. Abu @ Aboobacker C.No. 198 | 1) The prisoner shall report before police station (not situated in Maranchery Grama Panchayat) |



File No. HOME-B1/10/2025-HOME (Computer No. 3024837)
Generated from eOffice by PINARAYI VIJAYAN, C M, CM,GOK, CHIEF MINISTER OFFICE on 23/01/2025 11:12 AM

| | | |
|---|---|---|
| | | weekly<br>2) He shall not enter Maranchery Grama Panchayath. |
| 6 | Sri. Sasidharan @ Sasi<br>C.No. 9351 | The prisoner shall not enter Thrissur District except for exit and re-entry into the prison. |
| 7 | Sri. Abdul Khadar<br>C.No. 2429 | 1) The prisoner shall not enter Thiruvananthapuram and Kollam Districts.<br>2) He shall report before concerned police station weekly |
| 8 | Sri. Anilkumar @ Sreeju<br>C.No. 774 | 1) The prisoner shall not enter Ernakulam (city) police Districts<br>2) He shall report before police station weekly |
| 9 | Sri. Rakesh @ Kunjan<br>C.No. 9113 | The prisoner shall not enter Thrissur District except for exit and re-entry into the prison. |
| 10 | Sri. Farooq @ Karate Farooq<br>C.No. 1146 | 1) The prisoner shall not enter Thiruvananthapuram District<br>2) He shall report before police station weekly |
| 11 | Sri. Prem<br>C.No. 2417 | 1) The prisoner shall report before police station weekly<br>2) No two convicts in the same case shall be released on parole simultaneously. |
| 12 | Sri.Shinoj<br>C.No. 2419 | 1) The prisoner shall report before police station weekly<br>2) No two convicts in the same case shall be released on parole simultaneously. |
| 13 | Sri. Praveen<br>C.No. 2420 | 1) The prisoner shall report before police station weekly<br>2) No two convicts in the same case shall be released on parole simultaneously. |
| 14 | Sri. Suresh<br>C.No. 2422 | 1) The prisoner shall report before police station weekly<br>2) No two convicts in the same case shall be released on parole simultaneously. |
| 15 | Sri.Prejith | 1) The prisoner shall report before |

(3)

| | | |
|---|---|---|
| | C.No. 2421 | police station weekly<br>2) No two convicts in the same case shall be released on parole simultaneously. |
| 16 | Sri. Anoop<br>C.No. 1608 | 1) If the prisoner is not convicted in one or more of the other criminal cases in which he is accused.<br>2)The prisoner shall not enter Kannur & Kozhikode Districts<br>3) He shall report before police station weekly |
| 17 | Sri.Sunikumar @ kodi Suni<br>C.No. 1610 | 1)If the prisoner is not convicted in one or more of the other criminal cases in which he is accused.<br>2)The prisoner shall not enter Kannur & Kozhikode Districts<br>3) He shall report before police station weekly |
| 18 | Sri. P.K. Rajeesh<br>C.No. 1611 | 1) If the prisoner is not convicted in one or more of the other criminal cases in which he is accused.<br>2) The prisoner shall not enter Kannur & Kozhikode Districts<br>3)He shall report before police station weekly |
| 19 | Sri. Ali<br>C.No. 1878 | The prisoner shall report before police station weekly |

3. The Director General of Prisons and Correctional Services shall ensure that prisoners convicted in the same case (co-convicts) are not released on ordinary leave simultaneously and that the other conditions stipulated by the committee are scrupulously followed.

4. The State Police Chief shall take necessary steps to observe the prisoners closely during their leave period ensuring that the above conditions are strictly followed and shall submit a report in this regard to Director General of Prisons and Correctional Services in time.

By order of the Governor
**R SHEELA RANI**
**ADDITIONAL SECRETARY**

To:- State Police Chief, Thiruvananthapuram
The Director General of Prisons and Correctional Services, Thiruvananthapuram (with the relevant records)
The District Collector, Thrissur.
Superintendent, Central Prison and Correctional Home, Viyyur